"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ അസിസ്റ്റന്റായി സേവനമനുഷ്ഠിക്കുന്ന ഇടുക്കി ജില്ലയിലെ രാജകുമാരി ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ആയ ശ്രീ സഞ്ജയൻ വി എസ്- ന്റെ അന്യത്ര സേവനകാലാവധി **20.08.2026** മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്

സ.ഉ.(സാധാ) നം.**1852/2026/LSGD** തീയതി,തിരുവനന്തപുരം, **01-10-2026**

പരാമർശം:- **1.** സ.ഉ.(സാധാ) നം.**2015/2025**/ത.സ്വ.ഭ.വ, തീയതി : **14.08.2025**

2. സ.ഉ.(സാധാ) നം.**1244/2026**/ത.സ്വ.ഭ.വ, തീയതി : **06-07-2026**

3. പ്രിൻസിപ്പൽ ഡയറക്ടറുടെ **08-05-2026** തീയതിയിലെ **LSGD/PD/14013/2026-DEB4** നമ്പർ കത്ത്

4. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ **12.05.2026**-ലെ എ1/88/2025-എസ്.ഇ.സി നമ്പർ കത്ത്

ഉത്തരവ്

മേൽ പരാമർശം **(1),(2)** ഉത്തരവുകൾ പ്രകാരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ അസിസ്റ്റന്റ് ആയി സേവനമനുഷ്ഠിക്കുന്ന ഇടുക്കി ജില്ലയിലെ രാജകുമാരി ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ആയ ശ്രീ സഞ്ജയൻ വി എസ്- ന്റെ അന്യത്ര സേവനകാലാവധി **19.08.2026**-ൽ അവസാനിക്കുകയാണെന്നും **20.08.2026** മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകണമെന്നും പരാമർശം **(4)** പ്രകാരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. ശ്രീ സഞ്ജയൻ വി എസ്-ന്റെ അന്യത്ര സേവനകാലാവധി **20.08.2026** മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന് തടസ്സമില്ലെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം **(3)** പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അസിസ്റ്റന്റായി സേവനമനുഷ്ഠിക്കുന്ന ഇടുക്കി ജില്ലയിലെ രാജകുമാരി ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ശ്രീ. സഞ്ജയൻ

വി.എസ്.-ന്റെ അന്യത്ര സേവനകാലാവധി, നിലവിലെ സേവന വ്യവസ്ഥകൾക്ക് വിധേയമായി, **20.08.2026** മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുയീനുദീൻ എൻ കെ എ എസ്
അണ്ടർ സെക്രട്ടറി

സെക്രട്ടറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ശ്രീ. സഞ്ജയൻ വി.എസ്, അസിസ്റ്റന്റ്, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി. (ഇ.എം.**3/162/2025**/ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Digitally signed by Ajith Kumar K A
Date: 01-10-2026 10:47:40
സെക്ഷൻ ഓഫീസർ

പകർപ്പ് : - ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്.
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്